# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3295 13.03.2017 -ൽ മറുപടിക്ക്

**കാസർഗോഡ് ജില്ലയിലെ പുരാവസ്തുക്കൾ**

ചോദ്യം ഉത്തരം

ശ്രീ.എൻ.എ.നെല്ലിക്കുന്ന്

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
(ബഹു.തുറമുഖവും പുരാവസ്തു സംരക്ഷണവും മ്യൂസിയവും പുരാരേഖയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിൽ പുരാവസ്തുവായി പ്രഖ്യാപിക്കപ്പെട്ട നിലവിലുള്ള സ്ഥാപനങ്ങളും കെട്ടിടങ്ങളും ഭൂമിയും ഏതൊക്കെയാണെന്നും അവയുടെ ചരിത്രപശ്ചാത്തലവും വിശദീകരിക്കാമോ; ഇത്തരത്തിലുള്ള സ്ഥാപനമോ കെട്ടിടങ്ങളോ ഭൂമിയോ അന്യാധീനപ്പെട്ടു പോയിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | കാസർഗോഡ് ജില്ലയിൽ പൊവ്വൽ കോട്ട, ചന്ദ്രഗിരി കോട്ട, അനന്തപുരം ക്ഷേത്രത്തിലെ മ്യൂറൽ പെയിന്റിംഗുകളും, സ്റ്റോൺ ഇൻസ്ക്രിപ്ഷനും, ഉദിനൂർ ക്ഷേത്ര പാലക ക്ഷേത്ര കൊട്ടാരം, ബന്തടുക്ക കോട്ട എന്നിവ പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. പീലിക്കോട് ഗുഹ, അരിക്കാടി കോട്ട, പുതിയ കോട്ട എന്നിവയെ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരമാക്കുന്നതിനായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 1968 - ലെ കേരള പ്രാചീന പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്റ്റിന്റെ പരിധിയിൽ വരുന്ന സ്മാരകങ്ങളെയാണ് സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നത്. പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള ഒരു സ്ഥാപനവും കെട്ടിടങ്ങളും ഭൂമിയും അന്യാധീനപ്പെട്ട് പോയതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (ബി) | ഉണ്ടെങ്കിൽ അത്തരം സംഭവങ്ങളിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ; | | |
| (സി) | അന്യാധീനപ്പെട്ടിട്ടുണ്ടെങ്കിൽ അവ തിരിച്ചു പിടിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ